# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## എൻമകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/704/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 23/11/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എൻമകജെ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/704/2021 തീയ്യതി: 23/11/2021

## കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2021 | 06-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 06-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയാനന്ദ എച്ച് .ഓഡിറ്റ് ഓഫീസർ
ശ്രീ.യാദവ കുമാരാ സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ സി .സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശാരദ. വൈ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഷാജൻ എ.വി | സെക്രട്ടറി | 01-04-2019 | 12-07-2019 |
| അബ്ദുൽ ലത്തീഫ് എഫ് .കെ അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 14-07-2019 |
| എ.പി. ഗോപി | സെക്രട്ടറി | 15-07-2019 | 30-07-2019 |
| അബ്ദുൽ ലത്തീഫ് എഫ് .കെ അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-07-2019 | 30-08-2019 |
| മറിയ ഗൊറോത്തി | സെക്രട്ടറി | 31-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുൽ ലത്തീഫ് എഫ് .കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 11-12-2019 |
| പീതാംബരൻ (ഹെഡ് ക്ലർക്ക്) | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-12-2019 | 18-12-2019 |
| കെ.പി. കൃഷ്ണപിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2019 | 31-03-2020 |
| പ്രവീൺ വി.എഫ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 20-07-2019 |
| സരിഷ് കുമാർ.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 21-07-2019 | 13-11-2019 |
| ശ്രീജിത്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 14-11-2019 | 31-03-2020 |
| വിനീത് .പി വർമ്മ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ജനാർദ്ദന നായിക്ക് | പ്രധാനധ്യാപകൻ | 01-04-2019 | 31-03-2020 |
| ഡോ.ജയശ്രീ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| അജയന് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| അനിൽ കുമാർ.എ.ജി | ഫിഷരീഷ് എക്സ്റ്റെൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| സനു ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കാടുകുക്കെ സർക്കിൾ) | 01-04-2019 | 31-03-2020 |
| അബ്ദുല്ല | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പെർള സർക്കിൾ) | 01-04-2019 | 30-08-2019 |
| സനു ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (പെർള സർക്കിൾ ചാർജ് ) | 31-08-2019 | 14-11-2019 |
| സജിത കുമാരി.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പെർള സർക്കിൾ) | 15-11-2019 | 31-03-2020 |
| ഡോ.ആനൂപ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 01-08-2019 |
| ഡോ.ദീപ രാജ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 02-08-2019 | 31-03-2020 |
| സുലോചന.കെ.ടി. | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ജിഷ.കെ.ജെയിംസ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 03-08-2019 |
| ഡോ.റോഷൻ.എസ് | വെറ്റിനറി സർജ്ജൻ | 04-08-2019 | 18-10-2019 |
| ഡോ.നസ്രീൻ ഫാത്തിമ.എം.എസ് | വെറ്റിനറി സർജ്ജൻ | 19-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 30-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-1 |
| 2 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: Jayananda. H (Audit Officer, On 09-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2 |
| 4 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-1 |
| 5 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-2 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-3 |
| 7 | കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: Jayananda. H (Audit Officer, On 10-10-2021) | 1-2-4 |
| 8 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-5 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-6 |
| 10 | രജിസ്ററർ സൂക്ഷിപ്പ്,മറ്റ് -അപാകതകൾ<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-2-7 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 30-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-3 |
| 12 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 30-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-10-2021) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 30-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 27-10-2021) | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yadavakumara. C.H (Asst. Audit Officer, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-10-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-7 |

| | | |
|---|---|---|
| 16 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 30-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 10-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-9 |
| 18 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-10 |
| 19 | തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-11 |
| 20 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-12 |
| 21 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-13 |
| 22 | കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി സബ്സിഡി ആനുകൂല്യങ്ങൾ കൈപ്പറ്റി.<br>Written By: Babu M (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-14 |
| 23 | രശീതി ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Janardanan C (Senior Grade Auditor, On 06-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-15 |
| 24 | കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: Janardanan C (Senior Grade Auditor, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-16 |
| 25 | അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയില്ലാതെ ,ആനുകൂല്യം വിതരണം ചെയ്തു.<br>Written By: Babu M (Senior Grade Auditor, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-17 |
| 26 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-18 |
| 27 | ഭവനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Babu M (Senior Grade Auditor, On 06-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 29-10-2021) | 1-19 |
| 28 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Jayananda. H (Audit Officer, On 02-11-2021) | 1-20 |
| 29 | ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 1-21 |
| 30 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-22 |
| 31 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-23 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-11-2021) | |
| 32 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-24 |
| 33 | വരൾച്ച ബാധിത മേഖലയിൽ കുടിവെള്ള വിതരണം അപാകത.<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 23-11-2021) | 1-25 |
| 34 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-26 |
| 35 | വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-27 |
| 36 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Gopalakrishna Nayik (Audit Officer, On 08-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 18-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 13-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 02-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 02-10-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 17-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 27-09-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 13-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ്ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1(1)തീയതി 27-02-2019 | (5) തീയതി 15-02-2020 |
| മുന്നിരിപ്പ് | 32,34,530 | 51,78,488 |
| വരവ് | 29,61,19,440 | 30,52,66,844 |
| ആകെ | 29,93,53,970 | 31,04,45,332 |
| ചെലവ് | 29,80,31,944 | 29,29,30,332 |
| നീക്കിയിരിപ്പ് | 13,22,026 | 1,75,15,000 |

### 1-1-1 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/ ത.സ്വ.ഭ.വ., തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തയ്യാറാക്കിയ ബഡ്ജറ്റിൽ ഇവ ഉൾപ്പെടുന്നില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.**

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

**1-2-2 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

**1-2-3 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-2-4 കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.**

തൻ വർഷം സമർപ്പിച്ച കരാറുകാരുടെ പല ബില്ലുകളുടെയും തുക ഗ്രാമ പഞ്ചായത്തിന് കൊടുക്കുവാൻ സാധിച്ചില്ല. പ്രസ്തുത ബില്ലുകളുടെ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2-5 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101- പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹2,21,543/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയില്ല.

**1-2-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22,48,325/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,28,05,514/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-2-7 രജിസ്റ്ററർ സൂക്ഷിപ്പ്,മറ്റ് -അപാകതകൾ**

1) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

2) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 1,24,39,993/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, സുകൃതം വായ്പ രജിസ്റ്റർ പ്രകാരം 18,51,967/- ആണ് അടക്കാൻ ബാക്കി നിൽക്കുന്നത്.

5) RP 31 - ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

6) വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 3,04,201/- രൂപ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 9,77,763/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 2,28,05,514 |
| വരവ് | 6,60,93,486 |
| ആകെ | 8,88,99,000 |
| ചെലവ് | 6,38,45,161 |
| നീക്കിയിരിപ്പ് | 2,50,53,839 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത / ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 1,85,67,406 | 1,85,67,406 | 1,04,16,281 | 81,51,125 | പട്ടികയിലെ |

| | | | | | | |
|---|---|---|---|---|---|---|
| പൊതു വിഭാഗം | | | | | | ചെല വു തുക കൂടാതെ 8 ബില്ലുകളി ലായി 21,15,201 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 55,05,882 | 55,05,882 | 17,28,871 | 37,77,011 | പട്ടികയിലെ ചെല വു തുക കൂടാതെ 3 ബില്ലുകളി ലായി 8,45,616 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1,60,27,471 | 1,60,27,471 | 97,44,333 | 62,83,138 | പട്ടികയിലെ ചെല വു തുക കൂടാതെ 14 ബില്ലുകളി ലായി 52,93,376 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,19,28,000 | 1,19,28,000 | 65,52,261 | 53,75,739 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 55,23,000 | 55,23,000 | 25,35,128 | 29,87,872 | പട്ടികയിലെ ചെല വു തുക കൂടാതെ 1 ബിൽ 67,719 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,47,27,631 | 1,47,27,631 | 61,59,284 | 85,68,347 | പട്ടികയിലെ ചെലവു തുക കൂടാതെ 5 ബില്ലുകളിലായി 21,52,742 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 1,09,60,576 | 1,09,60,576 | 47,31,201 | 62,29,375 | |
| കേന്ദ്രാ വിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 28,522 | 1,87,50,977 | 1,87,79,499 | 1,84,10,748 | 3,68.751 | |
| സമ്പൂർണ ശുചിത്വ പദ്ധതി | 15,00,000 | 6,51,942 | 21,51,942 | 0 | 21,51,942 | |
| ICDS | 4,23,785 | 19,73,564 | 23,97,34 9 | 3,53,529 | 20,43,820 | |
| NPRPD | 2,00,000 | 1,00,000 | 3,00,000 | 0 | 3,00,000 | |
| സംസ്ഥാനാ വിഷ്കൃത പദ്ധതികൾ | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 12,66,492 | 0 | 12,66,492 | 5,18,813 | 7,47,679 | |
| കേരളോ ത്സവം | 20,000 | 20,000 | 20,000 | 20,000 | 0 | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്ത വർക്ക ള്ള ഇൻ സെന്റീവ് | 0 | 1,89,000 | 1,89,000 | 1,89,000 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 297 | 11,94,14,131 | 116 | 4,90,54,025 | 13 | 168 | 39.05 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ | 2019-20 വർഷത്തിൽ നടപ്പാക്കിയ | ചെലവ് ശതമാനം. |
|---|---|---|---|---|

| | | നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | പദ്ധതികളുടെ വിവരം | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 65,22,024 | 4 | 17,94,707 | 27.51 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 186 | 5,80,61,027 | 72 | 2,42,85,244 | 41.82 |
| 3 | കൃഷി ഓഫീസർ | 9 | 45,67,751 | 7 | 28,01,554 | 61.33 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 2,80,14,643 | 11 | 1,01,59,558 | 36.26 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 56,09,324 | 8 | 36,85,296 | 65.69 |
| 6 | വെറ്റനറി സർജ്ജൻ | 6 | 12,62,120 | 4 | 4,85,320 | 38.45 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 3,00,000 | 2 | 3,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 22,17,000 | 7 | 9,76,142 | 44 |
| 9 | പ്രധാനാധ്യാപകൻ | 20 | 72,26,151 | 11 | 37,66,381 | 52.12 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 38,63,991 | 2 | 4,49,823 | 11.64 |
| 11 | ഡയറി | 2 | 17,70,100 | 1 | 3,50,000 | 19.77 |
| | ആകെ | 297 | 11,94,14,131 | 129 | 4,90,54,025 | 41.07 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 28522 | 8,06,010 | 8,34,532 | 4,65,781 | 3,68,751 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,79,44,967 | 1,79,44,967 | 1,79,44,967 | 0 |
| ആകെ | 28522 | 1,87,50,977 | 1,87,79,499 | 1,84,10,748 | 3,68,751 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 610 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 14.09 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 153.922l രൂപയുടെ 111 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 53,849 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ്ദിനം തൊഴിൽ ലഭിച്ച 83 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15,120 | 51 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,37,200 | 65 |
| വിധവാപെൻഷൻ | 51,76,200 | 897 |
| വാർദ്ധക്യകാലപെൻഷൻ | 95,02,500 | 1664 |
| വികലാംഗപെൻഷൻ | 19,07,800 | 338 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,60,400 | 45 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-09-2021 തീയ്യതിയിൽ 3. Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5,874/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 6 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ലൈബ്രേറിയൻ (ഫുൾ ടൈം) | 1 |

**ഓഫീസ് ജോലി വിഭജനം**

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 29 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിടില്ല.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 15 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. സൂചിക സോഫ്റ്റ് വെയറിലെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഫയലിൽ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഫയലുകളുടെ മേൽ പരിശോധനാ വിവരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാനുവൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവ് വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-09-2021 മുതൽ 14-09-2021 വരെ | 03/2021 മുതൽ 08/2021 വരെ | 29-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-09-2014 മുതൽ 24-09-2014 വരെ | 2013-14 വർഷം | 13-01-2014 |

## 1-11 തൊഴിൽ നികുതി ഈടാക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1) പി ഹസ്സയിനാർ

2) സി എം അബ്ദുള്ള കുഞ്ഞി

3) അഹമ്മദ് ഷരീഫ്

4) എസ് മുഹമ്മദ്

5) മുഹമ്മദ് സാബിർ ജി എച്ച്

6) പി അബ്ദുൾ കാദർ

7) അബൂബക്കർ സിദ്ദീഖ്

8)സാബിത് എം

9) മൂസ എം

10) കെ അബ്ദുൾ റഹിമാൻ

11) ഖലീൽ എസ്എം

12) മുഹമ്മദ് ഇസ്മയിൽ

മേൽ സൂചിപ്പിച്ച ഓരോ കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന 10 റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ എൻമകജെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 10 റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത്

പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 255 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി സബ്സിഡി ആനുകൂല്യങ്ങൾ കൈപ്പറ്റി.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 0114/2019-20

പ്രൊജക്ട് : നെൽകൃഷി കൂലിച്ചെലവ് (ജനറൽ)

അടങ്കൽ തുക : 2,55,000/- രൂപ

ചെലവ് തുക : 2,55,000/- രൂപ ബിൽ നമ്പർ /തിയ്യതി : 09/2019-20 തി 13.03.2020

ഫണ്ട് ഇനം : വികസന ഫണ്ട് (ജനറൽ)

മേൽ പദ്ധതിക്ക വേണ്ടി 2,55,000/- രൂപ 2019-20 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. നെൽകൃഷി കൂലി ച്ചെലവിനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ, കാലികമല്ലാത്ത നികുതി രശീതുകളാണ് ഹാജരാക്കിയത്. ആകെ 32,810/- രൂപയുടെ സബ്സിഡി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | മേൽവിലാസം | നികുതി രശീതിയുടെ സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | സുരേഷാ.ബി. S/O മഹാലിങ്ക നായ്ക്ക് | 2018-19 | 6,460 |
| 2 | വിജയലക്ഷ്മി D/O രാമ ഭട്ട് മുളിയാല | 2018-19 | 5,100 |
| 3 | കൊറഗ നായ്ക്ക് S/O ഹരിയ നായ്ക്ക് കായർത്തടക്ക | 2018-19 | 10,200 |
| 4 | സൂര്യനാരായണ നായ്ക്ക് / S/O ഗോവിന്ദ നായ്ക്ക് ഷേണി | 2018-19 | 8,500 |
| 5 | കൊട്ട്യണ്ണ റായ് പി.ജി. S/O ഷീനപ്പ റായ് , പൂവനടക്ക | 2018-19 | 2,550 |
| ആകെ | | 32,810 രൂപ | |

കാലികമല്ലാത്ത നികുതി രശീതുകൾ ഹാജരാക്കി, സബ്സിഡി ആനുകൂല്യങ്ങൾ അനുവദിച്ചത് വിശദീകരിക്കേണ്ടതാണ് .

**1-15 രശീതി ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ക്ക് 19-03-2020 ന് നല്കിയ 8753 നം. രശീതി ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 06/19-20 ന് രശീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. രശീതി ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-16 കെട്ടിട നിർമ്മാണത്തിന് അനുമതി നല്കൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത**

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെൻറ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രൊഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിട നമ്പർ നല്കിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നല്കി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**1-17 അംഗീകരിച്ച ഗുണഭോക്തൃപ്പട്ടികയില്ലാതെ ,ആനുകൂല്യം വിതരണം ചെയ്തു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രൊജക്റ്റ് നമ്പർ / പേര് : 107/2019-20 / ധാതു ലവണ മിശ്രിതം (ജനറൽ)

അടങ്കൽ തുക : 1,00,000

ചെലവ് തുക : 1,00,000

ബിൽ നമ്പർ /തിയ്യതി : 03/2019-20 തിയ്യതി : 25.02..2020

ഫണ്ട് ഇനം : വികസന ഫണ്ട് (ജനറൽ)

എൻമകജെ ഗ്രാമ പഞ്ചായത്ത് 2019-20 വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ , മേൽ പദ്ധതി നടത്തിപ്പിനായി 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 01.02.2020 ലെ ഭരണസമിതി യോഗ തീരുമാന പ്രകാരം, കിലോഗ്രാമിന് 100 വിലയുള്ള മിനറൽ മിക്സ്ച്ചർ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ ഭരണ സമിതി അംഗീകരിച്ചു. ഇൻവോയ്സ് നമ്പർ KFLPI – 19 -20 – 046237 DATE 12.02.2020 പ്രകാരം, കേരളാ ഫീഡ്സ് ലിമിറ്റഡിൽ (കോഴിക്കോട്) നിന്നും കിലോഗ്രാമിന് 100 രൂപ പ്രകാരം കേരാമീൻ സ്പെഷ്യൽ , ധാതു ലവണ മിശ്രിതം വാങ്ങി , രജിസ്റ്ററിൽ രേഖപ്പെടുത്തി ഗുണഭേക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 1,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു **(**ഓഡിറ്റ് എൻക്വയറി നമ്പർ 02/2019-20 തിയ്യതി 04.10.2021 ) .

**1-18 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചില്ല**

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത്

എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 16 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 1,04,059/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഭവനിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിൻെറ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിൻെറ ഇപ്പോഴത്തെ സ്റ്റേജ് | പ്രൊജക്ട്നമ്പർ / പ്രൊജക്ട് |
|---|---|---|---|---|---|---|
| 1 | സഞ്ജീവ S/O എൈത്തപ്പ, പഡ്രെ | 4,00,000 | 3,00,000 | 1,00,000 | ഭിത്തി | 196/ പട്ടികജാതി ഭവന പദ്ധതി |
| 2 | സഫിയ W/Oസമദ് ബി.എം ക്വാർടടേഴ്സ് ബദരിയ നഗർ | 4,00,000 | 300,000 | 100,000 | മേൽക്കൂര | 433/ഭവന പദ്ധതി ജനറൽ |
| 3 | രത്ന. W/Oമുത്ത നായ്ക്ക് നൽക്കാന , പെർള | 6,00,000 | 52,00,000 | 80,000 | മേൽക്കൂര | 197/പട്ടിക വർഗ്ഗം ഭവന പദ്ധതി |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

2019-20 വർഷത്തിൽ ഹെഡ് മാസ്റ്റർ, കേരള സ്റ്റേറ്റ് സാക്ഷരതാ മിഷന് പഞ്ചായത്തിന്റെ വിഹിതമായി താഴെക്കൊടുത്തിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0016/2020 പച്ച മലയാളം | 26/ 26.02.2020 75,000 | കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ/ AC/38444973213 |
| 2 | പ്രോ.നം.0018/2020 + 1 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് | 37/ 17.02.2020 1,00000 | കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ/ AC/02880100113107 |

| | | | |
|---|---|---|---|
| 3 | പ്രോ.നം.0423/2020<br>+1 വിദ്യാർത്ഥികൾക്ക് പുസ്തകം | 237/<br>13.02.2020<br>1,00,000 | കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ/ AC/02880100113107<br>ജില്ലാ പഞ്ചായത്ത് സെക്രട്ടറി കാസറഗോഡ് |

ഇപ്രകാരം കേരള സ്റ്റേറ്റ് സാക്ഷരതാ മിഷന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

2019-20 വർഷത്തിൽ ഐ.കെ.എം. നുള്ള പഞ്ചായത്തിന്റെ വിഹിതമായി താഴെക്കൊടുത്തിരിക്കുന്ന തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.0001/2020<br>ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 7/22.10.2019<br>1,39,725/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം ഐ.കെ.എം ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ

| ക്രമ നം | പ്രൊജ്ക്ട് നം. / പേര് | തുക നൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | 0250/20 പട്ടിക വർഗ്ഗ വിഭാഗത്തി ൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (17 No) പർച്ചേസ് ഇൻവോയ്സ് നം ASS/139/ 18.03.2019 (Spill Over Project 2018/19) | Anon System & Services A/C No.370405010000112 | 4,90,960/- (ബിൽ നം.1/30.04.2019 |
| 2 | 0250/20 പട്ടിക വർഗ്ഗ വിഭാഗത്തി ൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (16 No) പർച്ചേസ് ഇൻവോയ്സ് നം ASS/138/18.03.2019 (Spill Over Project 2018/19) | Anon System & Services A/C No.370405010000112 | 4,90,960/- (ബിൽ നം.2/30.04.2019 |
| 3 | 0250/20 പട്ടിക വർഗ്ഗ വിഭാഗത്തി ൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (17 No) പർച്ചേസ് ഇൻവോയ്സ് നം ASS/137/18.03.2019 (Spill Over Project 2018/19) | Anon System & Services A/C No.370405010000112 | 4,62,080/- (ബിൽ നം.3/30.04.2019 |
| 4 | 0233/20 പട്ടിക വർഗ്ഗ വിഭാഗത്തി ൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (17 No) പർച്ചേസ് ഇൻവോയ്സ് നം .KSEDC/CLT/ | കെൽട്രോൺ A/C No.10622324516 | 5,03,200/- (ബിൽ നം.4/30.04.2019 |

| | | | |
|---|---|---|---|
| | PRO/ 18/19 - 366-C 14.03.2019 Dt. 14.03.2019 (Spill Over Project 2018/19) | | |
| 5 | 0231/20 പട്ടിക വർഗ്ഗ വിഭാഗത്തി ൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (26 No) പർച്ചേസ് ഇൻവോയ്സ് നം . KSEDC/CLT/ PRO / 18/19-366-B. Dt. 14.03.2019 (Spill Over Project 2018/19) | കെൽട്രോൺ A/C No.10622324516 | 7,69,600/- (ബിൽ നം.5/30.04.2019 |
| 6 | 0230/20 പട്ടിക ജാതിയിൽപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- (4 No) പർച്ചേസ് ഇൻവോയ്സ് നം . KSEDC/CLT/ PRO/18/19-366-A. Dt.14.03.2019 (Spill Over Project 2018/19) | കെൽട്രോൺ A/C No.10622324516 | 1,15,650/- (ബിൽ നം.6/30.04.2019 |
| 7 | 0232/220 പട്ടിക ജാതിയിൽപ്പെട്ട 8,9,10 ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - (101 വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം.611 /20.03.2020 | ആർട്ട്കോ ലിമിറ്റഡ് A/C No.67099281397 | 5,4,965/- (ബിൽ നം.7/05.04.2019 |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** ജി.ഒ.(പി)നം.259/2010/തസ്വഭവ തീയ്യതി 08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം 1 ലക്ഷത്തിൽ കവിഞ്ഞ് മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കണം. വ്യാപകമായ പ്രചാരമുള്ള ഒരു ദിനപത്രത്തിലും ഒരു മലയാള ദിനപത്രത്തിലും ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തണം. എന്നാൽ 0350/20 പ്രൊജക്റ്റിന് മാത്രമാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**2)**ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ നിർവഹണം പോലെ പ്രാധാന്യമുള്ളതാണ് പ്രോജക്റ്റ് വിലയിരുത്തൽ. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്റ്റ് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്റ്റ് ഫയൽ വ്യക്തമാക്കുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചത് എന്നീ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വകുപ്പ് എന്നിവയിൽ നിന്നും മേശയും കസേരയും / ലാപ്പ് ടാപ്പ് / ലഭിച്ചിട്ടില്ലായെന്നത് സംബന്ധിച്ച സാക്ഷ്യപത്രം (പട്ടികജാതി /പട്ടിക വർഗ്ഗ വകുപ്പ് ഓഫീസറിൽ നിന്നുള്ളത്) പരിശോധനയ്ക്ക് ഹാജരാക്കിയില്ല . ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കിയില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പട്ടിക വർഗ്ഗ ഊരുകൂട്ടത്തിൽ വന്ന മുൻഗണന ലിസ്റ്റ് പരിഗണിച്ചിട്ടില്ല. പ്രൊജക്റ്റ് നടപ്പിലാക്കിയതിലെ മേൽ ചൂണ്ടികാണിച്ച അപാകതകൾ വരാതിരുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി 07/06.10.2021)

**1-23 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രൊജക്റ്റ് നം.0228/20 - അംഗൻവാടി പോഷകാഹാര വിതരണം
ഗ്രാമ പഞ്ചായത്തിലെ 33 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ്

ഭക്ഷ്യമിശ്രിതം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, മുളിയാർ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 11,966.5 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 17,80,106/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.കടത്തു കൂലി ഇനത്തിൽ 62,437/- രൂപയും നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തി യിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട് KSEB-യുമായി സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 3,45,884 /-കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമ പഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി ,പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണെന്നും നിർണ്ണയിച്ചതായി കാണുന്നില്ല. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളതെന്ന് നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിച്ച്, ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വരൾച്ച ബാധിത മേഖലയിൽ കുടിവെള്ള വിതരണം അപാകത.

| വൗച്ചർ നം. തി | ചെക്ക് നം. തീയതി | വരൾച്ച ബാധിത മേഖലയിൽ കുടിവെള്ള വിതരണത്തിനായി നൽകിയ തുക |
|---|---|---|
| 21900330/12.06.2019 | 2310903 TSB 23.07.2019 | 10,06,388 |

ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുടിവെള്ളം വിതരണം നടത്തിയതിന് മേൽ വൗച്ചർ പ്രകാരം ആകെ 10,06,388/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുന്നതിന് 300/2019 ത.സ്വ.ഭ.വ. 27.03.2019 ഉത്തരവിന് വിധേയമായി , ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് , ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ, 27.03.2019-ന് റീടെണ്ടർ ക്ഷണിക്കുകയും ചെയ്തു. റീടെണ്ടർ പ്രകാരം ശ്രീ അബൂബക്കർ സിദ്ദിഖ് നാങ്കി, മൊഗ്രാൽ രേഖപ്പെടുത്തി സമർപ്പിച്ച ടെണ്ടറിൽ, 2000 ലിറ്റർ വെള്ളം വിതരണം ചെയ്യുന്നതിന് കിലോ മീറ്ററിന് 71/- രൂപ നിരക്കിൽ 03.04.2019 ഭരണ സമിതി അംഗീകരിച്ചു. 03.04.2019-ലെ ഭരണസമിതി തീരുമാന പ്രകാരം 10-04-2019 മുതൽ 21-05-2019 വരെ കുടിവെള്ളം വിതരണം ചെയ്യുകയും ആകെ 14,883 കിലോമീറ്റർ ദൂരം കുടിവെള്ളം നടത്തിയതിന്റെ തുക അനുവദിക്കുന്നതിന് അപേക്ഷ നല്കുകയും ചെയ്തു.കരാർ പ്രകാരം നൽകേണ്ട 2% ആദായനികുതി കിഴിച്ച് ആകെ 10,06,388/- രൂപ ശ്രീ അബ്ദുൽഖാദർ ടി.കെ. എന്നയാൾക്ക് നൽകിയിട്ടുണ്ട്.

കുടിവെള്ളം വിതരണം ചെയ്ത വാഹനങ്ങൾ,റണ്ണിംഗ് കിലോമിറ്റർ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) KLU 193 / 2107.38 KM

2)KL60 N 9834/ 2433.87 KM

3)KL14 W 6925/ 28 KM

4)KL58 3702/ 2225.58 KM

5)KL14 T 9607/ 3120..26 KM

6)KL14P 2118/ 2362.51 KM

7)KL13P 1862/ 2605 KM

ഈ പ്രവൃത്തി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഈ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ പങ്കെടുക്കുന്നവർ ഒരു ദിവസത്തെ പരമാവധി വാടക, കി.മീ. വാടക എന്നിങ്ങനെ രണ്ട് തരത്തിൽ വില നിർബന്ധമായും രേഖപ്പെടുത്തണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. ഇത് പാലിച്ചിട്ടില്ല. കൂടാതെ 20-03-2019 തിയതിയിലെ എസ്.സി.1156/19 നമ്പർ പുനർ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഉദാ. സെക്യൂരിറ്റി ഡെപ്പോസിറ്റായി 22,500/- നിരത ദ്രവ്യം ഒടുക്കിയ രേഖകൾ, 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ വെച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.)

2) 3,000 – 5000 ലിറ്റർ ഉൾക്കൊള്ളുന്ന ടാങ്കിലായിരിക്കണം കുടിവെള്ളം വിതരണം ചെയ്യേണ്ടതെന്ന് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ടെണ്ടർ സമർപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ പറഞ്ഞ അളവിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനിയർ വിതരണം ചെയ്യുന്ന വെള്ളത്തിൻ ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ സാമ്പിൾ റിപ്പോർട്ട് ലഭ്യമല്ല.

3) സർക്കാർ ഉത്തരവ് നം.807/2012/ ത.സ്വ.ഭ.വ./ തീ. 20-03-2012 പ്രകാരം കുടിവെള്ള വിതരണത്തിന് ചെലവാക്കുന്ന തുകയ്ക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങണം എന്നും വരൾച്ചയ്ക്ക് ശേഷം ചേരുന്ന ഗ്രാമസഭയിൽ കുടിവെള്ളവിതരണം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യണമെന്നും വിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റ് വാർഡ് പ്രതിനിധി , എ.ഡി.എസ്. ചെയർ പേഴ്സൺ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)ഓരോ വാർഡിലും കൃത്യമായി കുടിവെള്ളം വിതരണം ചെയ്തു എന്ന് ഉറപ്പാക്കുന്നതിന് കൃത്യമായ മോണിറ്ററിങ്ങ് സംവിധാനം ഉണ്ടായില്ല. വാർഡ് മെമ്പർ, എ.ഡി.എസ്, ഗുണഭോക്താക്കൾ എന്നിവർ ഉൾക്കൊള്ളുന്ന ഒരു മോണിറ്ററിങ്ങ് സംവിധാനത്തിനു മാത്രമേ പ്രവൃത്തി കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ കഴിയൂ.

5) സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇപ്പോൾ എല്ലാ പണമിടപാടുകളും ഓൺലൈനായി ബാങ്ക് അക്കൗണ്ട് വഴി നടത്തേണ്ടതാണ്. ഇവിടെ തുക നല്കിയിരിക്കുന്നത് ചെക്ക് മുഖേനയാണ്. വാഹനങ്ങൾ എത്ര കി.മീ. സഞ്ചരിച്ചുവെന്ന് GPS Tracking വിവരം രേഖപ്പെടുത്തിയിട്ടില്ല. ടാങ്കർ ഉടമസ്ഥൻ ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകാരമുള്ളവരായിക്കണം. ലൈസൻസിംഗ് & രജിസ്ട്രേഷൻ റെഗുലേഷൻ 2011 പ്രകാരം എഫ്.ബി.ഒ. എടുത്തിട്ടുള്ള ടാങ്കർ / ലോറികളിൽ മാത്രമെ കുടിവെള്ള വിതരണം പാടുള്ളൂ. വാഹനത്തിന്റെ വിവരങ്ങളുടെ കൂടെ വാഹനത്തിന്റെ രേഖകളുടെയും, ഡ്രൈവറുടെ ലൈസൻസിന്റെയും, ബാഡ്ജിന്റെയും പകർപ്പ് ഹാജരാക്കേണ്ടതാണ്. കുടിവെള്ള വിതരണം ചെയ്യുന്ന വാഹനങ്ങളിൽ കുടിവെള്ളം എന്ന് എഴുതി പ്രദർശിപ്പിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ 10,06,388/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വറി നം 03/05.10.2021)

**1-26 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.**

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. Perla Servise Co-Operative പെർള ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 9718) ആരംഭിച്ചിട്ടുണ്ട്. 14.12.2016ന് Perla Servise Co-Operative ബാങ്കിൽ ആരംഭിച്ച ഈ സീറോ ബാലൻസ് അക്കൗണ്ടിൽ തുകയൊന്നുംതന്നെ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പേരിനുമാത്രം ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. അതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

**1-27 വെള്ളക്കരം- ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.**

2019-20 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 75,810/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

കുടിവെള്ള ടാപ്പുകളുടെ പൂർണമായ വിവര ശേഖരണം നടത്തേണ്ടതും വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ/ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ, കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്. ചില പ്രവൃത്തികളിൽ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്ന സമയത്തിനു ശേഷവും ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം. 8തീയ്യതി 06-10-2021)

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് നമ്പർ, തിയതി<br>രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാർ വയ്ക്കാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 0363/2019-20 – കണ്ടിഗെ എസ്. സി കോളനി കുടിവെള്ളം പദ്ധതി<br>കരാറുകാരൻ- കെ.അബ്ദുൾ റഹ്മാൻ<br>കരാർ നം, തിയതി- 86/AE/LSGD/ EMG/2018-19 Dt-28-02-2019 കരാർ തുക- 1,31,850 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 05-02-2019 | 28-02-2019 | 1,319 |
| 2 | പ്രോജക്ട് നം. 0339/2019-20 കജംപാടി സ്കൂളിന് ബസ് ഷെഡ് നിർമ്മാണം<br>കരാറുകാരൻ- കെ.അബ്ദുൾ റഹ്മാൻ<br>കരാർ നം, തിയതി- 85/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 1,13,180 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 05-02-19 | 28-02-19 | 1132 |
| 3 | പ്രോജക്ട് നം. 0352/2019-20 ബദ്രംപള്ള സർപങ്കള കുടിവെള്ള പദ്ധതി<br>കരാറുകാരൻ- പ്രവീൺ.റൈ.കെ<br>കരാർ നം, തിയതി- 80/AE/LSGD/EMG/2018-19 Dt-28-02-2019<br>കരാർ തുക- 1,40,000 | നമ്പർ ഇല്ല, തിയതി 22-01-2019<br>രജിസ്റ്റർ ചെയ്ത തിയതി- 22-01-2019 (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 05-02-19 | 22-02-19 | 1400 |

| | | | | ആകെ | 3,851/- |
|---|---|---|---|---|---|

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 29-09-2021 & 30-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്&നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,50,000 | 138/21മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ്. | 1,00,000 | 50,000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200,000 | 185/20 സ്വാന്തന പരിചരണം ചികിത്സാ പദ്ധതി | 88,800 | 1,11,200 |
| | | 1,00,000 | 127/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്

**4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം**

**ഇല്ല.**

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്**

ഇല്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 100/2018 LSGD Dt 30-07-2018 | 89,49,405 | 89,49,405 + 45,20,000 (ഈ വർഷം ലഭിച്ചത്) ആകെ =1,34,69,405 | 10,29,412 | 1,24,39,993 |

**4-6 സ്ഥിര നിക്ഷേപങ്ങൾ**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ- വിൽപ്പന നികുതി ഈടാക്കാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം- അധിക സബ്സിഡി | നിയമസഭാ സമിതി പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം-വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

**<u>4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം</u>**

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**<u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,60,93,486 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,38,45,161 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,06,388 |

**(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 1,00,000 | ഡോ.നസ്രീൻ ഫാത്തിമ.എം.എസ് ,വെറ്റിനറി സർജ്ജൻ |
| 1-25 | 10,06,388 | എ.പി,ഗോപി,സെക്രട്ടറി |
| ആകെ | 11,06,388 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1983-84 | LF. C.12-81/91dt 01-01-1990(M) | 7 |
| 1984-85 | LF.C.7/1572/89 Dt 15-02-1990 | 22 |
| 1996-97 | LF.KSD 5/162/2000 Dt 03-02-00/05-01-01 | 10 |
| 1997-98(Expr) | LF.KSD 6/141/2003 Dt 08-04-2003 | 8 |
| 1998-99(Expr) | LF.KSD 6/143/03 Dt 22-05-2004 | 9 |
| 1999-2000(Expr) | LF.KSD 6/206/03 Dt 02-12-2005 | 5 |
| 2000-01(Expr) | LF.KSD 6/766/03 Dt 02-12-2005 | 3 |
| 2001-02(Expr) | LF.KSD 4/767/03 Dt 02-12-2005 | 5 |
| 1997-98 | LF.KSD 4/764/07 Dt 22-01-2008/30-09-2008 | 3 |
| 1998-99 | LF.KSD 4/765/07 Dt 22-01-2008/16-10-2008 | 2 |
| 1999-00 | LF.KSD 4/766/07 Dt 22-01-2008 | 3 |
| 2000-01 | LF.KSD 4/873/07 Dt 23-03-2009 | 5 |
| 2001-02 | LF.KSD 4/872/07 Dt 30-10-2008 | 9 |
| 2002-03 | LF.KSD 4/936/08 Dt 25-09-2009/14-03-2011 | 17 |
| 2003-04 | LF.KSD 4/937/08 Dt 06-01-2010 | 22 |
| 2004-05 | LF.KSD 4/31/09 Dt 04-11-2009 | 19 |

| | | |
|---|---|---|
| 2005-06 | LF.KSD 4/32/09 Dt 26-10-2009 | 23 |
| 2006-07 | LF.KSD 7/501/011dt 08-02-2012/10-07-2012 | 15 |
| 2007-08 | LF.KSD 7/650/2011 Dt 14-02-2012/04-07-2012 | 4 |
| 2008-09,2009-10, 2010-11 | LF.KSD 4/584/12 Dt 07-05-2013 | 20 |
| 2011-12 | LF.KSD 9/469/14 Dt 13-01-2015 | 14 |
| 2012-13, 2013-14 | LF.KSD 9/273/15 Dt 07-08-2015 | 8 |
| 2014-15 | KSA/KSD 5/270/2016 Dt 11-04-2016 | 27 |
| 2015-16 | KSA/KSD 5/67/17 Dt 12-01-2017 | 11 |
| 2016-17 | KSA/KSD 5/1015/17 Dt 20-09-2017 | 11 |
| 2017-18 | KSA/KSD 5/102/2019 Dt 30-01-2019 | 12 |
| 2018-19 | KSA/KSD 5/1123/2019 Dt 09-01-2020 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Enmakaje Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3470062.00 |
| 140000000 | Fee & User Charges | I-4(b) | 3020988.00 |
| 150000000 | Sale & Hire Charges | I-5(b) | 385191.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 81464832.00 |
| 171000000 | Interest Earned | I-8 | 68468.00 |
| 180000000 | Other Income | I-9 | 373.00 |
| | **Total Income** | | **88409914.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9212934.00 |
| 220000000 | Administrative Expenses | I-11(b) | 1176008.00 |
| 230000000 | Operations & Maintenance | I-12(b) | 1560383.00 |
| 240000000 | Interest & Finance Charges | I-13 | 5571.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4317874.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36081426.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 498980.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 139725.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 17388220.00 |
| 255000000 | Maintenance Projects | I-14(e) | 11519048.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 52000.00 |
| | **Total Expenditure** | | **81952169.00** |
| | **Gross Surplus/ Deficit of income over Expenditure** | | **6457745.00** |
| 280000000 | Prior Period Item | I-18 | 2064212.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **4393533.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 4

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Enmakaje Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22714291.02 |
| Cash | Cash | RP-40(a) | 91222.98 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1054650.00 |
| 140000000 | Fees & User Charges | RP-4 | 2881363.00 |
| 150000000 | Sale & Hire Charges | RP-5 | 385191.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48589654.00 |
| 171000000 | Interest Earned | RP-9 | 68468.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5780815.00 |
| 350000000 | Other Liabilities | RP-36 | 132874.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 373.00 |
| 330000000 | Secured Loans | RP-32 | 4520000.00 |
| 340000000 | Deposits Received | RP-34 | 30700.00 |
| 350000000 | Other Liabilities | RP-36 | 159574.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2458824.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 31000.00 |
| | **Grand total** | | **88899000.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3849153.00 |
| 220000000 | Administrative Expenses | RP-12 | 1176008.00 |
| 230000000 | Operations & Maintenance | RP-13 | 1481830.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3636874.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17170491.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 498980.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 139725.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 204120.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 11519048.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 52000.00 |
| 280000000 | Prior Period item | RP-26 | 110579.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 421221.00 |
| 350000000 | Other Liabilities | RP-36 | 8049087.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 5571.00 |
| 340000000 | Deposits Received | RP-34 | 61700.00 |
| 350000000 | Other Liabilities | RP-36 | 1520013.00 |
| 410000000 | Fixed Assets | RP-38 | 7094147.00 |
| 412000000 | Capital work in Progress | RP-40 | 1860112.00 |
| 440000000 | Pre-paid Expenses | RP-45 | 3750000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1244502.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 25053838.02 |
| Cash | Cash | RP-40(b) | 0.98 |
| | **Grand Total** | | **88899000.00** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## <u>അനുബന്ധം - 5</u>

## <u>ബാലൻസ്ഷീറ്റ്</u>

| Enmakaje Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 7695217.35 |
| | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8.00 |
| 312000000 | Reserves | B-3 | 73581918.00 |
| | **Total Reserve & Surplus** | | **81277143.35** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9793421.00 |
| | **Total Grants, Contributions for Specific Purposes** | | **9793421.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 12439993.00 |
| | **Total Loans** | | **12439993.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1007073.00 |
| 350000000 | Other Liabilities | B-9 | 1812996.65 |
| | **Total Current Liabilities and Provisions** | | **2820069.65** |
| | **TOTAL LIABILITIES** | | **106330627.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 105375276.00 |
| 411000000 | Accumulated Depreciation | B-11 | -38827692.00 |
| 412000000 | Capital Work in Progress | B-11(a) | 196500.00 |
| | **Total Fixed Assets** | | **66744084.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 13213.00 |
| 431000000 | Sundry Debtors (Receivables) | B-15 | 656373.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 12699405.00 |
| 450000000 | Cash and Bank Balance | B-17 | 25053839.00 |
| 460000000 | Loans, Advances and Deposits | B-18 | 1163713.00 |
| | **Total Current Assets, Loans and Advances** | | **39586543.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **106330627.00** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.